**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4083 03.02.2014-ൽ മറുപടിക്ക്**

**<u>മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ വികസനം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.തിലോത്തമൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ; | (എ) മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 5 ഡോക്ടർമാരുടെ തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ഒ.പി വിഭാഗത്തിൽ നിന്നും രാത്രി 8 മണിവരെ സേവനം ലഭ്യമാക്കുന്നുണ്ട്. 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. |
| (ബി) മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; | (ബി) താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഇനിയും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനുവേണ്ട എഗ്രിമെന്റ് സ്റ്റേറ്റ് നിർമ്മിതി കേന്ദ്രവുമായി ഒപ്പു വച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഫണ്ട് അവർക്ക് നൽകാത്തത് എന്തു കൊണ്ടാണെന്ന വ്യക്തമാക്കാമോ; ഇപ്രകാരം സാങ്കേതികമായ തടസ്സങ്ങൾ ഉയർത്തി നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. മണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് പ്രസ്തുത നിർമ്മാണത്തിനായി ഭരണാനുമതി പുറപ്പെടുവിച്ചത് പൊതുമരാമത്ത് വകുപ്പിന്റെ ബജറ്റ് ശീർഷകത്തിൽ നിന്ന് ചെലവ് വഹിക്കണം എന്നായിരുന്ന തിനാലാണ് ഭരണാനുമതി ലഭിച്ചിട്ടും കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടത്താൻ സാധിക്കാതിരുന്നത്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആവശ്യമായ ഫണ്ട് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിന് പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ്) ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിക്കൊണ്ട് 30.01.14-ലെ സ.ഉ(സാധാ)നം.348/14/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ ഉണ്ടായ കാലവിളംബം തികച്ചും സാങ്കേതികമായിരുന്നു. മന:പൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ